തുടങ്ങിയവർ ഉൾപ്പെട്ട ഉന്നതാധികാര സമിതിയിൽ ജി.എസ്.ടി. യെ സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ച് വരുന്നു. കേന്ദ്ര സംസ്ഥാന ചർച്ചകളേക്കാൾ ചരക്ക്സേവന നികുതി സമ്പ്രദായത്തെ സംബന്ധിച്ച പൊതു വിഷയങ്ങൾക്കാണ് ഈ ചർച്ചകളിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

(ഡി) ചരക്ക് സേവന നികുതി നിയമം അന്തിമ രൂപത്തിലായിട്ടില്ല. ഇതിനെ സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നതേയുള്ളൂ.

(ഇ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വാധിഷ്ഠിതമാണ്. പ്രാപ്യസ്ഥാനതത്ത്വാധിഷ്ഠിത നിയമമായതിനാൽ തന്നെ കേരളത്തെപോലുള്ള ഉപഭോക്തൃ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന് ഇത് ഗുണകരമാണ്. കൂടാതെ കേരളത്തിന്റെ സാമ്പത്തിക രംഗം പ്രധാനമായും സേവന മേഖലയിലധിഷ്ഠിതമാണ്. ജി.എസ്.ടി. സംവിധാനത്തിൽ സേവന മേഖലയിൻമേൽ നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അധികാരം ലഭിക്കുന്നതാണ്.

(എഫ്) കേന്ദ്രത്തിനും വിവിധ സംസ്ഥാനങ്ങൾക്കിടയിലുമുള്ള തർക്കങ്ങളിൽ തീരുമാനമെടുക്കുന്നത് ജി.എസ്.ടി. കൗൺസിലാണ്. അതിനാൽ പ്രത്യേക സ്വതന്ത്ര തർക്ക പരിഹാര സംവിധാനം ആവശ്യമില്ല. എന്നാണ് കേരളത്തിന്റെ നിലപാട്.

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കൽ

28 (*328) ശ്രീ. ജോസഫ് വാഴക്കൻ :
,, വി. പി. സജീന്ദ്രൻ :
,, എം. എ. വാഹീദ് :
,, എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനായി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തപ്രകാരം കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ല എന്ന് അഭിപ്രായപ്പെട്ട ആക്ടുകൾ ഒഴികെ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കുകയും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കാലഹരണപ്പെട്ടതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യുന്നതിന് കാലാകാലങ്ങളിൽ ആക്ടുകൾ റദ്ദ് ചെയ്യുന്നത് സഹായകമാണ്. ഇപ്രകാരമുള്ള ആക്ടുകൾ റദ്ദാക്കിക്കഴിഞ്ഞാൽ നിലവിലുള്ളതും സംസ്ഥാനത്തിന് ബാധകമായിട്ടുള്ളതുമായ നിയമങ്ങൾ ഏതെല്ലാമാണെന്ന് കണ്ടുപിടിക്കുന്നത് എളുപ്പമായിത്തീരുന്നതാണ്. കൂടാതെ, സാമൂഹിക മാറ്റങ്ങൾക്ക് അനുസൃതമായി പുതിയ നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ആയത് സഹായകരമാകുന്നതാണ്. ഒരു പ്രത്യേക കാലയളവിലേയ്ക്കോ പ്രത്യേക ആവശ്യത്തിലേയ്ക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേയ്ക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. ഭേദഗതി ആക്ടുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായി തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ട കാര്യമില്ല.

(സി) 2015-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അംഗീകാരം ലഭിച്ചാലുടൻ ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സുരക്ഷിത സ്ത്രീ യാത്രാ പദ്ധതി

29 (*329) ശ്രീ. ഹൈബി ഈഡൻ :

,, വി. ഡി. സതീശൻ :

,, വി. റ്റി. ബൽറാം :

,, എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/235/2020-10

LIBRARY ARCHIVES Kerala Legislative Assembly